# വെളിപ്പാട് പുസ്തക പഠനം – 24

# അധമപാതാളം, അന്ധകാര പാതാളം,

# അഗാധകൂപം, നിത്യനരകം

**ഡോ. സി.വി.ആൻഡ്രൂസ്**

**'പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്'' (വാക്യം 18)**

## അധമപാതാളം

ഈ ഭൂമിയുടെ അധോഭാഗത്ത് അഗ്നി കത്തിജ്വലിക്കുന്ന ഒരു ഭാഗം ഉൺടെന്നും അത് താഴത്തെ പാതാളമാണെന്നും തിരുവചനം വ്യക്തമാക്കുന്നു. ''എന്റെ കോപത്താൽ തീ ജ്വലിച്ച് പാതാളത്തിന്റെ ആഴത്തോളം കത്തും''. (ആവർത്തനം 32:22) ''എന്നോട് നിന്റെ ദയ വലിയതല്ലോ. നീ എന്റെ പ്രാണനെ അധമപാതാളത്തിൽ നിന്നും രക്ഷിച്ചിരിക്കുന്നു''. (സങ്കീർത്തനം 86:13) ഠവല ഘീംലമ ഒലഹഹ (താഴത്തെ പാതാളം) എന്ന പദപ്രയോഗമാണ് ഇംഗ്ലീഷിൽ കാണുന്നത്. ലൂക്കോസ് 16 ൽ പറയുന്ന ധനവാൻ പോയത് ഈ സ്ഥലത്താണ്. കയ്യീൻ മുതൽ മരിച്ച സകല ദുഷ്ടന്മാരുടെയും ആത്മാക്കൾ വസിക്കുന്ന സ്ഥലമാണ് ഇത്. ഇതിന് 'യാതനാസ്ഥലം' എന്നും പേർ പറയുന്നു.

നരകം ഒരു യാഥാർത്ഥ്യമാണ്. 1988 നവംബർ മാസം 29 ലെ ലക്കത്തിൽ ഇംഗ്ലീഷ് സൺ മാഗസിനിൽ പ്രസിദ്ധീകരിച്ച ഒരു വാർത്ത ശ്രദ്ധിച്ചുവായിക്കുക. റഷ്യയിലെ സൈബീരിയയിൽ 9 മൈൽ ആഴത്തിൽ കുഴിച്ച് ഭൂമിയുടെ അധോഭാഗങ്ങൾ ഗവേഷണം നടത്തുവാൻ വേൺടി പരിശ്രമം നടത്തിയ റഷ്യൻ ശാസ്ത്രജ്ഞർ കൺടെത്തിയ വിവരങ്ങളാണ്. ഈ പദ്ധതിയുടെ ചുമതല വഹിച്ചിരുന്നത് ഡോ. വിക്ടർ അസാഖോവ് എന്ന ശാസ്ത്രജ്ഞനാണ്. അവർ ഭൂമിയുടെ അടിത്തട്ടിലുള്ള പാറയിൽ പല മൈലുകൾ ആഴത്തിൽ കുഴിച്ചുചെന്നപ്പോൾ ഗ്രല്ലിന്റെ മുന അങ്ങോട്ടും ഇങ്ങോട്ടും വല്ലാതെ ചലിക്കുവാൻ തുടങ്ങി. ഭൂമിയുടെ മദ്ധ്യഭാഗം പൊള്ളയാണെന്ന് അവർക്ക് മനസിലായി. അവിടെ അനുഭവപ്പെട്ട അതികഠിനമായ ചൂട് 2000 ഡിഗ്രി ഫാരൻഹീറ്റ് ഉള്ളതായി അവർ കൺടുപിടിച്ചു. അവർ പ്രതീക്ഷിച്ചതിന്റെ പത്തിരട്ടിയാണ് അത് എന്നവർ പറയുന്നു. അങ്ങനെ ഭൂമിയുടെ ഉൾക്കാമ്പിൽ ഒരു അഗ്നിച്ചൂളയുള്ളതായി അവർ വിളംബരം ചെയ്തു.

ഭൂമിയുടെ വിവിധ തട്ടുകളിലെ ശബ്ദവ്യതിയാനങ്ങൾ മനസിലാക്കുവാൻ അത്യന്തം സൂക്ഷ്മങ്ങളായ മൈക്രോഫോണുകൾ പ്രസ്തുത വിള്ളലിലൂടെ താഴേക്കിറക്കി. അവിടെ കേട്ട ശബ്ദങ്ങൾ റഷ്യൻ ശാസ്ത്രജ്ഞന്മാരെ അമ്പരിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തു. ഡോക്ടർ വിക്ടർ അസാഖോവ് പറയുന്നത് ''ഞങ്ങൾ വീൺടും പരിശോധിക്കുവാൻ തുടങ്ങി. കമ്പ്യൂട്ടറിന്റെ സഹായത്താൽ ഉപകരണത്തിൽ ക്രമീകരണങ്ങൾ വരുത്തി. തുടർന്ന് പരിശോധിച്ചപ്പോൾ ഞങ്ങളുടെ കാതുകൾക്ക് വിശ്വസിപ്പാനാകാത്ത വേദനപ്പെട്ട് നിലവിളിക്കുന്ന മാനുഷശബ്ദങ്ങൾ ഭൂമിയുടെ അധോഭാഗത്ത് നിന്ന് കേൾക്കുവാൻ തുടങ്ങി. ലക്ഷോപലക്ഷം മനുഷ്യാത്മാക്കളുടെ രോദനങ്ങൾ അവിടെ നിന്നും കേൾക്കുവാൻ സാധിച്ചു. അവർ

ഉച്ചത്തിൽ നെടുവീർപ്പിട്ട് നിലവിളിക്കുന്നതാണ് കേൾക്കുന്നത്''. ഭയം നിമിത്തം തുടർന്നുള്ള പരിശോധന അവർ നിർത്തിവച്ചു. ഇതിന് ശേഷം ഈ പണിയിൽ ഏർപ്പെട്ട ശാസ്ത്രജ്ഞന്മാരിൽ പകുതി പേർ ജോലിയിൽ നിന്നും വിരമിച്ചു. ഈ വാർത്ത ഒരു സമയം നമ്മുടെ സുവിശേഷകന്മാർ പ്രസംഗിച്ചുകൊൺടിരുന്നതാണ്. അവിടെയുള്ളതെല്ലാം അവിടെത്തന്നെ നിലകൊള്ളുന്നു. വഞ്ചകനായ പിശാചിന്റെ ചതിയാൽ പാപത്തിന് അടിമപ്പെടുന്ന സകലമനുഷ്യാത്മാക്കളും ഈ അഗ്നിനരകത്തിൽ വീഴുവാൻ ഇടയാകുന്നു. ഈ യാതനാ സ്ഥലത്ത് കിടന്നുകൊൺട് അതിദയനീയമായ നിലയിൽ ഒരു തുള്ളി വെള്ളം നാവിൽ തൊട്ട് നനയ്ക്കുന്നതിന് വേൺടിയുള്ള ധനവാന്റെ നിലവിളി പോലെയുള്ള നിലവിളി എത്രയോ ദയനീയവും ഭയപ്പെടുത്തുന്നതുമാണെന്ന് ചിന്തിക്കുക. യേശുക്രിസ്തു ഉറപ്പിച്ചുപറഞ്ഞ ഒരു യഥാർത്ഥ സംഭവമാണ് ലൂക്കോസ് 16:22-28 വരെയുള്ള ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നത്.

ആദിയിൽ ദൈവം സ്വർഗ്ഗങ്ങളും ഭൂമിയുമാണ് സൃഷ്ടിച്ചത്. നരകം സൃഷ്ടിച്ചില്ലെന്ന് ഓർക്കുക. തെറ്റിപ്പോയ ദൂതന്മാർക്ക് വേൺടി ഒരുക്കിയതാണ് അഗ്നിനരകം. ഈ സ്ഥലത്തെ കർത്താവ് യാതനാസ്ഥലം എന്ന് വിളിച്ചിരിക്കുന്നു. ജയിൽ പോലുള്ള ഭാഗമാണ്. ഇവിടെ നിന്ന് ഒരു ആത്മാവിന് പുറത്ത്പോകുവാൻ കഴിയുകയില്ല. ഇവിടെ നിന്നും പോകുന്നത് നിത്യനരകത്തിലേക്കാണ്. ധനവാൻ മാനസാന്തരവും കുറ്റബോധവും ഉൺടായത് യാതനാസ്ഥലത്ത് വച്ചാണ്. അനുതപിക്കുവാനുള്ള സ്ഥലം യാതനാസ്ഥലമല്ല. ഭൂമിയിൽ ജീവനോടിരിക്കുമ്പോഴാണ്. ആ അവസരങ്ങളെ നഷ്ടപ്പെടുത്തിക്കളയുന്ന ഓരോരുത്തർക്കും പിന്നീടുൺടാകുന്ന അനുതാപവും മാനസാന്തരവും നിഷ്പ്രയോജനമത്രേ.

## അന്ധകാര പാതാളം

ഇവിടെ പാപം ചെയ്ത ഒരു കൂട്ടം ദൂതന്മാരെ ചങ്ങലയിട്ട് സൂക്ഷിച്ചിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് യൂദയും പത്രോസും തങ്ങളുടെ ലേഖനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. തങ്ങളുടെ വാഴ്ച്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിയ്ക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിയ്ക്കായി കാപ്പാൻ ഏല്പിച്ചു. (യൂദാ 6,7) പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധകാരത്തിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിയ്ക്കായി കാപ്പാൻ ഏല്പിച്ചു. (2 പത്രോസ് 2:4-10) ഇവിടെ 'നരകം' എന്നതിന് 'ടാർട്ടറസ്' എന്ന പദമാണ് ഗ്രീക്കിൽ. അതിന് പാതാളമെന്നും അഗാധമെന്നും തർജ്ജിമ ചെയ്യാം. പാതാളത്തിൽ അന്ധതമസ്സിന്റെ ചങ്ങലയാൽ ബന്ധിക്കപ്പെട്ട് കിടക്കുന്ന ഒരു കൂട്ടം ദൂതന്മാരുൺടെന്ന് ഈ വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇവർ ലൂസിഫറും കൂട്ടരും അല്ല. ഇവരുടെ വാസസ്ഥലം ഇപ്പോൾ പാതാളമല്ല, ഈ ഭൂലോകവും ഭൂഗോളത്തിന് മുകളിലുള്ള ആകാശമണ്ഡലവുമാണ്. തന്നിമിത്തം അവരെ ''ഉന്നതസ്ഥലങ്ങളിലെ ദുഷ്ടാത്മ സേന'' എന്നാണ് വിളിച്ചിരിക്കുന്നത്. (എഫെസ്യർ 6:12) കൂടാതെ ''ഭൂമിയിലെങ്ങും ഊടാടി സഞ്ചരിക്കുന്നു''. (ഇയ്യോബ് 1:7, 2:2) ''അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേൺടൂ എന്ന് തിരഞ്ഞ് ചുറ്റിനടക്കുന്നു''. (1പത്രോസ് 5:8) എന്നാൽ യൂദയും പത്രോസും പറയുന്ന ദൂതന്മാർ ഇപ്പോഴേ ബന്ധിക്കപ്പെട്ട് പാതാളത്തിൽ കിടക്കുന്നതായിട്ടാണ് പ്രസ്താവിച്ചിരിക്കുന്നത്. അങ്ങനെയെങ്കിൽ വീണുപോയ ദൂതന്മാർ ഒന്നിലധികം കൂട്ടരുൺടെന്ന് തിരുവചനം വ്യക്തമാക്കുന്നു.

ലൂസിഫറിനെയും കൂട്ടരെയും സഭയുടെ ഉത്പ്രാപണം കഴിഞ്ഞ് മീഖായേൽ തുടങ്ങിയ ദൂതന്മാരാൽ ആകാശമണ്ഡലത്തിൽ നിന്നും ഭൂമിയിലേക്ക്

തള്ളിയിടുകയും (വെളിപ്പാട് 12:7–9) അനന്തരം ക്രിസ്തുവിന്റെ പരസ്യവരവിന് ശേഷം അവരെ ചങ്ങലയിൽ ബന്ധിച്ച് പാതാളത്തിലേക്ക് തള്ളിക്കളകയും ചെയ്‌വാനിരിക്കുന്നതേയുള്ളൂ. (വെളിപ്പാട് 20:1) ലൂസിഫറിന്റെയും കൂട്ടരുടെയും പാപം നിഗളം ആയിരുന്നു. അതിന്റെ ഫലമായി ദൈവത്തോട് അവർ മത്സരിച്ചു. എന്നാൽ യൂദായുടെ ലേഖനത്തിലും പത്രോസിന്റെ ലേഖനത്തിലും പറഞ്ഞിരിക്കുന്ന ദൂതന്മാർ തങ്ങളുടെ വാഴ്ച്ച കാത്തുകൊള്ളാഞ്ഞതിനാൽ അവരെ ഇപ്പോഴേ അന്ധതമസ്സിന്റെ ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ ഒരു പ്രത്യേക സെല്ലിൽ സൂക്ഷിച്ചിരിക്കുകയാണ്. പത്രോസ് ഇവരെക്കുറിച്ച് ''വിശേഷിപ്പിച്ചിരിക്കുന്നത് പാപം ചെയ്ത ദൂതന്മാർ'' എന്നാണ്. യൂദാ വിശേഷിപ്പിച്ചിരിക്കുന്നത് ''തങ്ങളുടെ വാഴ്ച്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാർ'' എന്നാണ്. ഇവരെ ന്യായവിധിയ്ക്കായി സൂക്ഷിച്ചിരിക്കുകയാണ്. ക്രിസ്തുവിന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരാണ് ഇവരെ ന്യായം വിധിക്കുന്നത്. (1 കൊരിന്ത്യർ 6:3) ബന്ധനത്തിന്റെ അടയാളമാണ് ചങ്ങല. ഇവരെ ബന്ധിക്കുവാനായി അന്ധകാരത്തിന്റെ വലിയ ചങ്ങലയാണ് ഉപയോഗിച്ചിരിക്കുന്നത്. മിസ്രയീമിലെ പത്തുബാധകളിൽ ഒന്നായ കൂരിരുൾ അന്ധകാരത്തിന്റെ ചങ്ങലയാണ്. തമ്മിൽ തമ്മിൽ ആരെയും കാണുവാനോ സ്പർശിക്കുവാനോ സാദ്ധ്യമല്ലാത്ത വിധത്തിൽ സ്പർശിക്കത്തക്ക ഇരുട്ടാണ് മിസ്രയീമിൽ ഉണ്ടായത്. (പുറപ്പാട് 10:21) അന്ധകാരത്തിന്റെ ചങ്ങല എന്ന് വിശേഷിപ്പിച്ചിരിക്കുന്ന ഈ സ്ഥലം അധമപാതാളത്തിന്റെ ഒരു ഭാഗമാണ്.

## അഗാധകൂപം

ഈ അഗാധകൂപത്തെക്കുറിച്ച് വെളിപ്പാട് 20:1–3 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ദൈവത്തിന്റെ ദൂതന്മാരിൽ ഒരുവനായ ലൂസിഫറിന്റെ അന്തർഭാഗം സാഹസം കൊണ്ട് നിറഞ്ഞ് പാപം ചെയ്തതിനാൽ ദൈവം അവനിൽ നീതികേട് കാണുകയും ആ കാശത്ത് നിന്ന് അവരെ വെട്ടിത്താഴെയിടുകയും ചെയ്തു. (യെഹസ്ക്കേൽ 28:14–16, യെശയ്യാവ് 14:14). കർത്താവിന്റെ പരസ്യപ്രത്യക്ഷതയോടെ മഹാപീഢനം അവസാനിക്കുന്നു. അതിന് ശേഷം സാത്താനെ ചങ്ങലയ്ക്കിട്ട് ആയിരം വർഷത്തേക്ക് അടച്ച് മൂടിവയ്ക്കുന്ന സ്ഥലമാണ് അഗാധകൂപം. (20:1–3) ആയിരം ആൺട് സാത്താന്റെ വ്യക്തിത്വവും വ്യാപാരവും അഗാധകൂപതടങ്കലിൽ അടയ്ക്കപ്പെട്ടിരിക്കുന്നു.

## നിത്യനരകം

നേരത്തെ നാം ചിന്തിച്ച പാതാളങ്ങൾക്ക് പ്രത്യേകസമയ പരിധിയുള്ളപ്പോൾ നരകം നിത്യദണ്ഡന സ്ഥലമാണ്. നിത്യനരകത്തെക്കുറിച്ച് നിത്യാഗ്നി, തീപ്പൊയ്ക, മരണം, ഗന്ധകത്തീപ്പൊയ്ക, അഗ്നിമരണം, ഏറ്റവും പുറത്തുള്ള ഇരുട്ട്, നിത്യദണ്ഡനത്തിനുള്ള സ്ഥലം, പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നി എന്നീ പേരുകളിൽ തിരുവചനത്തിൽ കാണുന്നു. മരണത്തെയും പാതാളത്തെയും കുറിച്ചുള്ള പഠനത്തിന്റെ അന്ത്യഭാഗമാണ് നിത്യനരകം. (മത്തായി 25:30, 41, 46; വെളിപ്പാട് 19:20, 20:15) സാത്താന്റെയും കൂട്ടരുടെയും പര്യവസാനം ഇവിടെയാണ്. നരകത്തെപ്പറ്റി അനേകപ്രാവശ്യം ആവർത്തിച്ച് പറഞ്ഞിരിക്കുന്നത് നമ്മുടെ കർത്താവാണ്. തീ, പുഴുക്കൾ, ഗന്ധകം, പുക, ഇരുൾ എന്നിങ്ങനെയുള്ള അഞ്ച് വിധ ദണ്ഡനോപാധികൾ അവിടെയുള്ളതായി വ്യക്തമാക്കിയിരിക്കുന്നു. ''അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല. എല്ലാവരും തീ കൊൺട് ഉപ്പിടും''. (മർക്കോസ് 9:49) വസ്തുക്കൾ ചീയ്യാതിരിപ്പാൻ ഉപ്പിടുന്നത് പോലെ നിത്യദണ്ഢനത്തിനായി വെന്തും

ജീർണ്ണിച്ചും പോകാതെ ആത്മാക്കളെ സൂക്ഷിക്കാനുള്ള കഴിവ് നരകാഗ്നിയ്ക്കുണ്ട്. ഗ്രീക്കിൽ ഉപ്പിടപ്പെടും എന്നർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്. അന്തിക്രിസ്തുവും കള്ളപ്രവാചകനുമാണ് ആദ്യമായി നിത്യാഗ്നിയിലേക്ക് പോകുന്നത്. (വെളിപ്പാട് 19:20) ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവർക്കുമുള്ള ഓഹരി തീപ്പൊയ്കയാണ്. നിത്യത മുഴുവൻ അവർ നിത്യദണ്ഡനം അനുഭവിക്കുവാൻ വിധിക്കപ്പെടുന്നു.

നരകം നിത്യമാണ്. അത് ഒരു യാഥാർത്ഥ്യമാണ്. അവിടെ രാപ്പകൽ ദണ്ഡനം അനുഭവിക്കേണ്ടതുമാണ്. അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നന്നേക്കും പൊങ്ങും. രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. (വെളിപ്പാട് 14:10,11) മെത്തയ്ക്ക് പകരം പുഴുക്കളെയും പുതപ്പിന് പകരം കൃമികളെയും നൽകും. അവിടെ അവരുടെ പുഴു ചാകുകയോ തീ കെട്ടുപോവുകയോ ഇല്ല. ചാകാതെ കിടന്ന് എന്നേക്കും ദണ്ഡനം അനുഭവിക്കത്തക്കവണ്ണം തീ കൊണ്ട് ഉപ്പിട്ടാണ് അവിടേയ്ക്ക് അയക്കുന്നത്. സാധനങ്ങൾ കേടാകാതിരിപ്പാൻ നാം ഉപ്പിലിട്ട് സൂക്ഷിക്കുന്നത് പോലെയുള്ള ഒരു പ്രക്രിയയാണ്. (മർക്കോസ് 9:47,48, യെശയ്യാവ് 66:24, യെശയ്യാവ് 33:14, 30:33)

കെടാത്ത തീയിൽ ചാകാത്ത പുഴുക്കളുണ്ട് എന്ന് പറയുമ്പോൾ പലർക്കും വിശ്വാസം വരുന്നില്ല. ചില വർഷങ്ങൾക്ക് മുമ്പ് ജർമ്മിനിയിലെ മാക്സപ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ബയോകെമിസ്റ്റായ പ്രൊഫസർ വുൾഫ്രംഢ് ഡില്ലിംഗും സംഘവും അഗ്നിപർവ്വതത്തിലെ നരകസമാനം തീച്ചൂള മറിയുന്ന ലാവയിൽ ഗന്ധകം തിന്നും ശ്വസിച്ചും കഴിയുന്ന ഒരു അപൂർവ്വ ഇനം ജീവിയെ കണ്ടെത്തി. അതിഭയങ്കര ചൂടിലും ലോഹങ്ങളെപ്പോലും ഉരുക്കിക്കളയുന്ന ആസിഡിലും ഇവ എങ്ങനെ ജീവിക്കുന്നുവെന്ന് അവർ അത്ഭുതപ്പെട്ടു. അത് പോലെ ബാരോസ്, ജോഡി എന്നീ ശാസ്ത്രജ്ഞന്മാർ 250 ഡിഗ്രി സെൽഷ്യസ് ചൂടിലും സുഖമായി ജീവിക്കുകയും വംശവർദ്ധനവ് നടത്തുകയും ചെയ്യുന്ന ഒരു പ്രത്യേക ഇനം ബാക്ടീരിയയെ ഭൂഗർഭത്തിൽ നിന്നും കണ്ടെത്തിയെന്ന വാർത്ത 1983ൽ ചമഘ്യേല എന്ന ജേർണലിൽ പ്രസിദ്ധീകരിച്ചിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ബൈബിൾ പറഞ്ഞിട്ടുള്ള സത്യങ്ങൾ യാഥാർത്ഥ്യമാണെന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു. നരകം തീപ്പൊയ്കയാണ്. (20:15) തീച്ചൂളയാണ്. (മത്തായി 13:41,42, 50) നിത്യദണ്ഡനസ്ഥലമാണ്. (മത്തായി 25:46), നിത്യാഗ്നിയാണ്. (മത്തായി 25:41) ഇരുട്ടാണ് (മത്തായി 8:12, 22:15) കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള സ്ഥലമാണ്. (21:8, യെശയ്യാവ് 33:14) ഇതിന്റെയെല്ലാം താക്കോൽ കർത്താവിന്റെ പക്കലാണ്. ''മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്''. (വെളിപ്പാട് 1:18)